പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1445 | 13.07.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലബോറട്ടറികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ ലബോറട്ടറികൾ, സ്വകാര്യ ലബോറട്ടറികൾ എന്നിവയിൽ അംഗീകാരമുള്ളവയും അംഗീകാരമില്ലാത്തവയും എത്ര വീതമെന്ന് വിശദമാക്കാമോ; ഇവ ഓരോന്നും പരിശോധനകൾക്ക് വിവിധ നിരക്കിലാണ് ഫീസ് ഈടാക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ ലബോറട്ടറികൾ എല്ലാം തന്നെ അംഗീകാരമുള്ളവയാണ്. സർക്കാർ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ പരിശോധനകൾക്ക് ഒരേ നിരക്കിലാണ് ഫീസ് ഈടാക്കുന്നത്. എച്ച്. എം. സി നടത്തുന്ന ലബോറട്ടറികളിൽ അതാത് എച്ച്. എം. സി യാണ് ഫീസ് തീരുമാനിക്കുന്നത്. |
| ബി) | ഇത് സംബന്ധിച്ച് കേന്ദ്ര നിയമമുണ്ടായതെന്നെന്നും കഴിഞ്ഞ സർക്കാർ നിയമസഭയിൽ പലപ്രാവശ്യം ഉറപ്പുകൾ നൽകിയിട്ടും കാലാവധി തീരുംവരെ പ്രസ്തുത നിയമം പാസ്സാക്കാത്തതുമൂലം സംസ്ഥാനത്തുടനീളം അംഗീകാരം ഉള്ളതും ഇല്ലാത്തതുമായ ലാബുകൾ പ്രവർത്തിക്കുന്നതും പ്രസ്തുത സ്ഥാപനങ്ങളിൽ ഗുണനിലവാരമില്ലാത്ത | ബി) | സ്വകാര്യ മേഖലയിലെ ഫീസ് ഏകീകരണത്തിനും മറ്റ് മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനും അതിലൂടെ അമിത ചികിത്സ ചെലവ് കുറയ്ക്കുന്നതിനും ചൂഷണങ്ങൾ തടയുന്നതിനും ഉള്ള 'ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്ബിൽ' സർക്കാരിന്റെ പരിഗണനയിലാണ്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെയും, ലാബുകളുടെയും നഴ്സിംഗ് ഹോമുകളുടെയും നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ പ്രധാന ലക്ഷ്യം. ഈ |

| | | | |
|---|---|---|---|
| | പരിശോധനാ മരുന്നുകൾ ഉപയോഗിക്കുന്നതും യോഗ്യതയില്ലാത്ത പരിശോധകരെ കുറഞ്ഞ ശമ്പളത്തിനു നിയോഗിക്കുന്നത് മൂലം ആരോഗ്യരംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിശോധിക്കാനും നിയമ വിരുദ്ധ പ്രവർത്തനം നടത്തുന്ന ലാബുകൾ പൂട്ടുവാനും, പരിശോധനകൾക്ക് ഏകീകൃത ഫീസ് പ്രഖ്യാപിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | | ബില്ലിന്റെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം വരുന്നതോടെ സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെയും പ്രവർത്തനത്തിനുമേൽ നിയന്ത്രണം സാധ്യമാകും.<br>സേഫ് കേരള പദ്ധതി വഴി 2014 മുതൽ സംസ്ഥാനത്ത് ലബോറട്ടറികളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയ ലബോറട്ടറികൾക്ക് നോട്ടീസ് നൽകുകയും ചില സ്ഥാപനങ്ങൾ അടച്ചു പൂട്ടുകയും ചെയ്തു. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ